# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4672

23.07.2015 ൽ മറുപടിയ്ക്ക്

## സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ മിച്ച ഫണ്ട് നിക്ഷേപിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാക്കാമോ; | (എ) ബാങ്കിന്റെ ഇൻവെസ്റ്റ്മെന്റ് പോളിസിയും നബാർഡിന്റെ നിർദ്ദേശവുമനുസരിച്ചാണ് മിച്ച ഫണ്ട് നിക്ഷേപിക്കുന്നത്. |
| (ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ എത്ര കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്; അതിന്റെ പലിശനിരക്ക് എത്രയാണ്; | (ബി) പഞ്ചാബ് നാഷണൽ ബാങ്കിൽ 30.03.2015 ൽ 10 കോടി രൂപയും 31.03.2015 ൽ 20 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പലിശ നിരക്ക് 8.75% ആണ്. (കുമുലേറ്റീവ് നിരക്കിൽ) |
| (സി) പഞ്ചാബ് നാഷണൽ ബാങ്കിൽ മിച്ച ഫണ്ട് നിക്ഷേപിച്ച ദിവസം തന്നെ മറ്റ് ബാങ്കുകളിൽ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുണ്ടോ; പലിശനിരക്ക് എത്രയാണ്; വിശദാംശം നൽകുമോ; | (സി) 30.03.2015 ൽ പഞ്ചാബ് നാഷണൽ ബാങ്കിൽ10 കോടി രൂപ 8.75% പലിശ നിരക്കിൽ ഒരു വർഷത്തേയ്ക്കും, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 50 കോടി രൂപ 10.65% നിരക്കിൽ ഒരു വർഷത്തേയ്ക്കും നിക്ഷേപിച്ചിട്ടുണ്ട്.<br>31.07.2015 ൽ പഞ്ചാബ് നാഷണൽ ബാങ്കിൽ 20 കോടി രൂപ 8.75% നിരക്കിൽ ഒരു വർഷത്തേയ്ക്കും, ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 10 കോടി രൂപ 8.75% നിരക്കിൽ ഒരു വർഷത്തേയ്ക്കും, ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ 20 കോടി രൂപ 10.5% നിരക്കിൽ ഒരു വർഷത്തേയ്ക്കും, ഫെഡറൽ ബാങ്കിൽ 20 കോടി രൂപ 8.55% നിരക്കിൽ 122 ദിവസത്തേയ്ക്കും നിക്ഷേപിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) നിക്ഷേപം നടത്തുമ്പോൾ ഉയർന്ന പലിശനിരക്ക് വാഗ്ദാനം ചെയ്യുന്ന ബാങ്കുകളെ സുതാര്യമായ നിലയിൽ കണ്ടെത്തുന്നതിനു പകരം കുറഞ്ഞ പലിശ നിരക്കിൽ പഞ്ചാബ് നാഷണൽ ബാങ്കിൽ പണം നിക്ഷേപിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; ബാങ്കിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുമോ; വ്യക്തമാക്കാമോ? | (ഡി) ടി നിക്ഷേപം നടത്തുന്നതിന് മുമ്പായി വിവിധ ബാങ്കുകളുടെ പലിശ നിരക്ക് അന്വേഷിക്കുകയും ആയതിൽ കൂടിയ പലിശ നിരക്ക് തരുന്ന ബാങ്കുകളിൽ നിക്ഷേപം നടത്തുകയുമാണ് ചെയ്യുന്നത്. നബാർഡിന്റെ നിർദ്ദേശപ്രകാരം ഒരു ബാങ്കിൽ തന്നെ പലിശ നിരക്ക് എത്ര കൂടിയാലും റിസ്ക് ഉള്ളതുകൊണ്ട് നിക്ഷേപിക്കാൻ പാടില്ലാത്തതാണ്. അതുകൊണ്ടാണ് പഞ്ചാബ് നാഷണൽ ബാങ്കിലും മറ്റ് ബാങ്കുകളിലുമായി മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. മാത്രമല്ല ടി നിക്ഷേപങ്ങൾ നടത്തിയതിൽ ബാങ്കിന് യാതൊരു പലിശ നഷ്ടവും വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ